# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4050 — 16.05.2017-ൽ മറുപടിയ്ക്ക്

### തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലോകബാങ്കിൽ നിന്നും ലഭിച്ച ധനസഹായം

| ചോദ്യം | | മറുപടി | |
|---|---|---|---|
| പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | | ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
| (എ) | ലോകബാങ്കിൽ നിന്നും ധനസഹായം ലഭിച്ച തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏതെല്ലാം; ലഭിച്ച തുക എത്ര; വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തിലെ കോർപ്പറേഷൻ, ജില്ല പഞ്ചായത്ത് , ബ്ലോക്ക് പഞ്ചായത്ത് എന്നിവ ഒഴികെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ലോക ബാങ്ക് പദ്ധതിയിൽ നിന്നും ധനസഹായം ലഭിച്ചിട്ടുണ്ട്. 1490.91 കോടി രൂപയാണ് ലഭിച്ച തുക. |
| (ബി) | ഇതിൽ എത്ര തുക ചെലവഴിച്ചു; എത്ര ലോക്കൽബോഡികൾ പദ്ധതികൾ സമർപ്പിച്ചു; | (ബി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കിയ തുകയിൽ 1152.42 കോടി രൂപ 2017 മാർച്ച് വരെ ചെലവഴിച്ചു. എല്ലാ ലോക്കൽബോഡികളും പദ്ധതികൾ സമർപ്പിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | കഴിഞ്ഞ സാമ്പത്തിക വർഷം തന്നെ ഫണ്ട് ചെലവഴിക്കണമെന്ന നിർദ്ദേശം നൽകിയിരുന്നോ ; എങ്കിൽ വ്യക്തമാക്കുമോ; ഇത് പാലിക്കാത്തവർക്കെതിരെ നടപടി സ്വീകരിക്കുമോ; | (സി) | കഴിഞ്ഞ സാമ്പത്തിക വർഷം തന്നെ ഫണ്ട് ചെലവഴിക്കണമെന്ന നിർദ്ദേശം നൽകിയിരുന്നു. എന്നാൽ പദ്ധതികൾ പൂർത്തിയാക്കുന്നതിന് ലോക ബാങ്ക് 30 ജൂൺ 2017 വരെ സമയം അനുവദിച്ചിട്ടുണ്ട്. |
| (ഡി) | നടപ്പ് വർഷത്തെ പദ്ധതികൾ തയ്യാറാക്കുന്ന നടപടികൾ ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ? | (ഡി) | പ്രോജക്റ്റ് കാലാവധി 2017 ജൂൺ 30 ന് അവസാനിക്കും. 2016-2017 വർഷത്തെ പൂർത്തിയാക്കാത്ത പദ്ധതികൾ സ്പിൽ ഓവർ പദ്ധതികളായി പുരോഗമിക്കുന്നു. ഇവ പൂർത്തീകരിക്കാൻ 30 ജൂൺ 2017 വരെ സമയം അനുവദിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**